ശ്രീ ബേബിജോൺ: നമ്മുടെ സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമം നടപ്പാക്കിയതോടു കൂടി ഇനി കുടി കിടക്കാൻ ഏതെങ്കിലും ഉടമകളും അനുവദിക്കുമെന്നു തോന്നുന്നില്ല. ഇത്തരക്കാർ ഒരു വീട്ടിൽ തന്നെ രണ്ടും മൂന്നും കുടുംബങ്ങളും താമസിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ആളുകളെ പുനരധിവസിപ്പിക്കുന്നതിന് ഗവൺമെൻറിന് ഒരു പദ്ധതിയുണ്ട്. ഭൂരഹിതരായ ആളുകൾക്ക് വീടു വയ്ക്കുന്നതിനു വേണ്ടി നാലു സെൻറു സ്ഥലം സൗജന്യമായി കൊടുക്കാനുള്ള ഒരു പദ്ധതിയുണ്ട്. അതു നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: റവന്യൂ പുറമ്പോക്കിനെ സംബന്ധിച്ചാണ് ചോദ്യം. എന്നാൽ ഗവൺമെൻറിൻെറ കൈവശം ധാരാളം തരിശു ഭൂമിയുണ്ട്. ആ ഭൂമി പാട്ടം നിശ്ചയിച്ച് പാവപ്പെട്ട ഭൂരഹിതർക്കു പാട്ട വ്യവസ്ഥയിൽ കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. ബേബിജോൺ: ഗവൺമെൻറിൻെറ കൈവശമുള്ള ഭൂമി ഏതെങ്കിലും പൊതു ആവശ്യത്തിന് വേണ്ടതായിരിക്കും. അതു പാട്ടത്തിനു കൊടുത്താൽ തിരികെ കിട്ടാതെ വരും. അതുകൊണ്ട് അങ്ങനെ കൊടുക്കാൻ നിവൃത്തിയില്ല. ഇപ്പോഴും പ്രവേശനമുള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം പതിച്ചു കൊടുക്കാവുന്നതെല്ലാം പതിച്ചു കൊടുക്കാനുള്ള നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്.

ശ്രീ.ലോനപ്പൻ നമ്പാടൻ: സർക്കാർ വക പുറമ്പോക്കു ഭൂമി, സ്കൂൾ, പോലീസ് സ്റ്റേഷൻ, ആശുപത്രി ഇങ്ങനെയുള്ള പൊതു ആവശ്യങ്ങൾക്കു വേണ്ടി നൽകാൻ തയ്യാറാകുമോ?

ശ്രീ. ബേബിജോൺ: പൊതു ആവശ്യങ്ങൾക്കു വേണ്ടി കൊടുക്കേണ്ട സ്ഥലങ്ങളിൽ അങ്ങനെ കൊടുക്കും.

ഫിലിം സബ്സിഡി

*315 [332] ശ്രീ. എൻ.പി.മൊയ്തീൻ:

ശ്രീ. കെ. പി. നൂറുദ്ദീൻ:

ശ്രീ. സി. പി.ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യമന്ത്രി സഭയെ മറുപടി നൽകുമോ:

ഫിലിം സബ്സിഡി കൊടുക്കുന്നതിനു സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാം?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ എസ്. വരദരാജൻ നായർ):

സബ്സിഡി നൽകുന്നതിനുള്ള വ്യവസ്ഥകളുടേയും ചട്ടങ്ങളുടേയും ഒരു കോപ്പി ഇതോടൊന്നിച്ച് അനുബന്ധമായി കൊടുത്തിട്ടുണ്ട്. *

ശ്രീ.എൻ. പി. മൊയ്തീൻ: കുട്ടികൾക്കുവേണ്ടി നിർമ്മിച്ചിട്ടുള്ളതും അന്തർദ്ദേശീയ പ്രശസ്തി കരസ്ഥമാക്കിയിട്ടുള്ളതും പ്രശസ്ത സംവിധായകൻമാരിൽ ഒരാളായ രാമു കാര്യാട്ട് സംവിധാന.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുള്ളതുമായ ''അമ്മുവിന്റെ ആട്ടിൻകുട്ടി'' എന്ന പടത്തിന് സബ്സിഡി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്?

ശ്രീ എസ്. വരദരാജൻ നായർ: സബ്സിഡി നൽകുക മാത്രമല്ല ആ പടം ഗവൺമെന്റ് വിലയ്ക്ക് വാങ്ങുകയും ചെയ്തിട്ടുണ്ട്. ഏതാണ്ട് ഒരു ലക്ഷത്തോളം രൂപ വില കൊടുത്തിട്ടുമുണ്ട്.

ശ്രീ കെ. പി. നൂറുദ്ദീൻ: സബ്സിഡി നൽകുന്നത് സംസ്ഥാനത്തു നിർമ്മിക്കുന്ന പടങ്ങൾക്കു മാത്രമാണോ അതോ മറ്റു സംസ്ഥാനങ്ങളിൽ നിർമ്മിച്ച പടങ്ങൾക്കും നൽകുന്നുണ്ടോ?

ശ്രീ എസ്. വരദരാജൻ നായർ: നമ്മുടെ സംസ്ഥാനത്തു നിർമ്മിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുക എന്നുള്ള നിലയിലാണ് സബ്സിഡി കൊടുക്കുന്നത്. മറ്റു സംസ്ഥാനങ്ങളിൽ നിർമ്മിക്കുന്ന പടങ്ങൾക്കു സബ്സിഡി കൊടുക്കുന്ന പ്രശ്നം അതുകൊണ്ട് ഉദിക്കുന്നില്ല. പക്ഷേ ഇവിടെ ഷൂട്ടിംഗ് നടക്കുകയും മറ്റു സംസ്ഥാനങ്ങളിൽ അതിന്റെ പ്രോസസിംഗ് നടക്കുകയും ചെയ്യുന്ന ഒരു സംവിധാനമാണ് ഇപ്പോഴുള്ളത്. കാരണം നമ്മുടെ സംസ്ഥാനത്ത് പ്രോസസിംഗിനുള്ള ഏർപ്പാടുകൾ ഇല്ലാത്തതുകൊണ്ട് പ്രോസസിംഗ് മറ്റു സംസ്ഥാനങ്ങളിൽ നടത്തുന്നുണ്ടെങ്കിലും ഷൂട്ടിംഗ് 90 ശതമാനവും കേരളത്തിൽ നടത്തുന്ന പടത്തിന് സബ്സിഡി കൊടുക്കുന്നു.

ശ്രീ കെ. പി. നൂറുദ്ദീൻ: ഈ സബ്സിഡി ഉൽപ്പെടെയുള്ള സിനിമാ പ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിക്കാൻ വന്ന സിനിമാ നിർമ്മാതാക്കളോട് മന്ത്രി സംസാരിക്കവേ അവരെ അവഹേളിക്കത്തക്ക വിധത്തിൽ മന്ത്രി പെരുമാറിയെന്ന് ഇവിടത്തെ ഒരു വാരികയിൽ കാണുകയുണ്ടായി. അതിൽ വല്ല വാസ്തവവും ഉണ്ടോ?

മി. സ്പീക്കർ: ആർഡർ ആർഡർ.

ശ്രീ സി. പി. ഗോവിന്ദൻ നമ്പ്യാർ: ഇതുവരെ എത്ര രൂപാ നൽകിയിട്ടുണ്ട്. ഏതൊക്കെ സിനിമയ്ക്കാണ് സബ്സിഡി കൊടുത്തിട്ടുള്ളത്?

ശ്രീ എസ്. വരദരാജൻ നായർ: ഇതുവരെ 90 ചിത്രങ്ങൾക്ക് സബ്സിഡി കൊടുത്തിട്ടുണ്ട്.

ശ്രീ സി. പി. ഗോവിന്ദൻ നമ്പ്യാർ: പൂർണ്ണമായും ഈ സംസ്ഥാനത്തു വച്ചു തന്നെയാണോ ചിത്രങ്ങൾ നിർമ്മിക്കുന്നതെന്ന് പരിശോധിക്കാൻ വല്ല സംവിധാനവും ഇന്നുണ്ടോ?

ശ്രീ എസ്. വരദരാജൻ നായർ: മിക്കവാറും ഈ സംസ്ഥാനത്തു നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് അതിന്റെ ആവശ്യത്തിനുള്ള ഉപകരണങ്ങൾ നൽകുന്നത് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷനാണ്. അതുകൊണ്ട് അവരുടെ റിപ്പോർട്ടിൻമേൽ പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന്റെ ശുപാർശയനുസരിച്ചാണ് സബ്സിഡി കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ടി. എം. ജേക്കബ്: കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഒരു മറുപടിയിൽ 22 ലക്ഷം രൂപയോളം സബ്സിഡിയായി കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. നമ്മുടെ സംസ്ഥാനത്തു നിർമ്മിക്കുന്ന ചിത്രങ്ങൾ പ്രോൽസാഹിപ്പിക്കാനും നല്ല ചിത്രങ്ങൾ പുറത്തിറക്കാനുമാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നതെന്നാണ് വിശ്വസിക്കുന്നത്. മുൻമുഖ്യമന്ത്രി, ശ്രീ. എ. കെ. ആൻറണി, സാംസ്കാരിക നിലവാരം ഇടിച്ചു താഴ്ത്തുന്ന തരത്തിലുള്ള ചിത്രങ്ങൾ തടയുമെന്നു പറഞ്ഞിരുന്നു. അതിനു ശേഷവും അത്തരം ചിത്രങ്ങൾ പുറത്തിറങ്ങുന്നതു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അത്തരം ചിത്രങ്ങൾക്കു സബ്സിഡി കൊടുക്കാതിരിക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ എസ്. വരദരാജൻ നായർ: നമ്മുടെ സംസ്ഥാനത്തുതന്നെ നിർമ്മിക്കുന്ന ചിത്രങ്ങൾക്കു സബ്സിഡി കൊടുക്കുന്നതു കൊണ്ട് വളരെയധികം കലാകാരൻമാർക്കു പ്രോൽസാഹനം കിട്ടിയിട്ടുണ്ടെന്നുള്ള കാര്യം ശരിയാണ്. അതേ സമയം സബ്സിഡി കിട്ടുന്നതിനുവേണ്ടി മാത്രവും ചില ചിത്രങ്ങൾ ഉണ്ടാക്കുന്നു എന്ന കാര്യവും ശരിയാണ്. അതിൽ പല ചിത്രങ്ങളും സാൻമാർഗ്ഗിക നിലവാരം പുലർത്തുന്നില്ലെന്നുള്ള പരാതി സംഘടനകളിൽ നിന്നും അവാർഡു കമ്മിറ്റികളിൽ നിന്നുമെല്ലാം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് അതു സംബന്ധമായ ചില നോംസ് നിശ്ചയിക്കുന്നതിനു വേണ്ടി ചില ആളുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നോംസുണ്ടായി അത് അംഗീകരിച്ചതിനു ശേഷം അതുമായി പൊരുത്തപ്പെടുന്ന ചിത്രങ്ങൾക്കു മാത്രം സബ്സിഡി കൊടുക്കുന്ന കാര്യം ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

ശ്രീ എം. വി. രാഘവൻ: അശ്ലീല ചിത്രങ്ങളെപ്പറ്റി പല പരാമർശങ്ങളും നടക്കുന്നുണ്ട് ഇപ്പോൾ. തുണി ഉടുത്തു കൊണ്ട് അഭിനയിക്കുന്ന ചിത്രങ്ങൾക്കു മാത്രമേ സബ്സിഡി കൊടുക്കുകയുള്ളൂ; തുണിയുടുക്കാതെ അഭിനയിക്കുന്ന ചിത്രങ്ങൾക്കു സബ്സിഡി കൊടുക്കുകയില്ല എന്നുള്ള വ്യവസ്ഥ വയ്ക്കാൻ നടപടി എടുക്കുമോ; രാമു കാര്യാട്ടിൻെറ 'അമ്മുവിൻെറ ആട്ടിൻകുട്ടി' എന്ന ചിത്രം വിലയ്ക്കു വാങ്ങി എന്നു പറഞ്ഞല്ലോ. അത് നിയമസഭാ സാമാജികൻമാർക്കുകൂടി ഒന്നു കാണാനുള്ള അവസരമുണ്ടാക്കുമോ?

(ഉത്തരമില്ല)

ശ്രീ ഇ. അഹമ്മദ്: നോംസ് തയ്യാറാക്കാൻ ചിലരെ ഭരമേൽപ്പിച്ചതായി പറഞ്ഞു. ആരെയാണു ഭരമേൽപ്പിച്ചത്, ഏതു വിധത്തിലാണ് ഭരമേൽപ്പിച്ചത്, എപ്പോഴാണു നോംസ് തയ്യാറാക്കുക എന്നുള്ളതൊന്നു വിശദീകരിക്കാമോ?

ശ്രീ എസ്. വരദരാജൻ നായർ: എപ്പോഴാണ് എന്നുള്ളതു വിശദീകരിക്കാനൊക്കുകയില്ല. ഏൽപ്പിച്ചത് സർക്കാരുദ്യോഗസ്ഥൻമാരെയാണ്; ഇതുമായി ബന്ധപ്പെട്ട ആളുകളെയാണ്.

ശ്രീ ഇ. പി. ഗോപാലൻ: കേരളത്തിൽ നിർമ്മിക്കുന്ന ചിത്രങ്ങളുടെ ഗുണദോഷമൊന്നും നോക്കാതെ സബ്സിഡി കൊടുക്കുമെന്നാണോ തീരുമാനം; അങ്ങനെയാണെങ്കിൽ ഗുണം നോക്കിയിട്ടേ സബ്സിഡി കൊടുക്കുകയുള്ളൂ എന്നുള്ള ഘട്ടത്തിൽ എത്തിയിട്ടുണ്ടോ ഇപ്പോൾ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ എസ്. വരദരാജൻ നായർ: ഗുണദോഷങ്ങൾ നിശ്ചയിക്കുന്നതു പലപ്പോഴും സബ്ജക്റ്റീവാണ്. നമ്മുടെ ആളുകൾ അന്യ സംസ്ഥാനങ്ങളിൽ പോയി സിനിമാപ്പടം പിടിക്കുന്നതു തടയുക എന്ന താണിതിന്റെ ഉദ്ദേശം. ഈ ഏർപ്പാട്, ഒരു പരിധി വരെ അതിനു പ്രയോജനപ്പെട്ടിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. പടങ്ങളുടെ എണ്ണം കൂടിയപ്പോൾ ചിലവ സാംസ്ക്കാരികനിലവാരം പുലർത്തിയിട്ടില്ലെന്നുള്ള പരാതികൾ വന്നിട്ടുണ്ട്. നിലവാരം പുലർത്തണമെന്നും അതിനാവശ്യമായ നോംസ് ഉണ്ടാക്കണമെന്നുമുള്ള ഉദ്ദേശത്തോടുകൂടിയാണ് നോംസ് നിശ്ചയിക്കുന്നതിനാവശ്യമായ നടപടി എടുത്തിട്ടുള്ളത്.

ശ്രീ എൻ. ഭാസ്ക്കരൻ നായർ: ചങ്ങനാശ്ശേരിയിലുള്ള ഒരു പ്രൊഡ്യൂസർ 'മാണി-കുറുപ്പ്-കോയ' എന്ന പേരിൽ ഒരു പുതിയ സിനിമ തയ്യാറാക്കിയിരിക്കുന്നു എന്നു കേൾക്കുന്നു. അതിനു സബ്സിഡി കൊടുത്തിട്ടുണ്ടോ?

ശ്രീ എസ്. വരദരാജൻ നായർ: കമ്പനികൾക്കു സാധാരണ സബ്സിഡി കൊടുക്കാറില്ല.

ശ്രീ സേവ്യർ അറയ്ക്കൽ: ഫിലിം അവാർഡുകൾ കൊടുക്കുന്നതിനെക്കുറിച്ചും പരാതികൾ ഉണ്ടായിട്ടുണ്ട്. ഗവൺമെൻറുദ്യോഗസ്ഥൻമാരെയാണ് നോംസ് നിശ്ചയിക്കാൻ ഏൽപ്പിച്ചിരിക്കുന്നതെന്നു പറഞ്ഞു. അതു പുനഃപരിശോധിച്ചുകൊണ്ട് ഓരോ വിഷയങ്ങളിലും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള നോൺ ഒഫീഷ്യൽസിനെക്കൂടി ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തി എന്നത്തേക്ക് ഇത് നടപ്പിലാകുമെന്നു പറയാമോ?

ശ്രീ എസ്. വരദരാജൻ നായർ: അവാർഡു കൊടുത്തതിനെ സംബന്ധിച്ച് ആക്ഷേപമുണ്ടെന്നു പറയുന്നത് അത്ര വളരെ ശരിയല്ല. അഭിപ്രായ വ്യത്യാസങ്ങൾ കാണുമായിരിക്കും. എങ്കിലും മുൻ കൊല്ലങ്ങളെ അപേക്ഷിച്ച് ഈ വർഷത്തെ അവാർഡുകളുടെ കാര്യത്തിൽ പരാതികൾ വളരെ കുറവാണെന്നാണ് എന്റെ വിശ്വാസം. ഭാഗ്യവശാൽ മാർക്സിസ്റ്റു പാർട്ടിയുടെ മുഖപത്രമായ ദേശാഭിമാനി പോലും ഈ വർഷത്തെ അവാർഡു നിർണ്ണയം വളരെ ശരിയായിരുന്നു എന്നു മുഖപ്രസംഗമെഴുതിയിട്ടുണ്ട്. അതുകൊണ്ട്, അവാർഡു കൊടുത്തതു തെറ്റാണെന്നു പറയുന്നതു ശരിയല്ല. നോംസ് നിശ്ചയിക്കുന്നതിന് ഒരു നോൺ ഒഫീഷ്യൽ കമ്മിറ്റിയെ വയ്ക്കണമെന്നു പറഞ്ഞാൽ അതിലുണ്ടാകാവുന്ന കാലതാമസം നമുക്കെല്ലാമറിയാമല്ലോ. ഏപ്രിൽ മാസം 1-ാംതീയതിക്കു മുമ്പ് ഇതു സംബന്ധിച്ച തീരുമാനമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തിലാണ് ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെത്തന്നെ നിയമിച്ചത്.

സിലബസ് പരിഷ്കരണം സംബന്ധിച്ച നിവേദനങ്ങൾ

*316 [333] ശ്രീ കെ. പി. വിശ്വനാഥൻ:

ശ്രീ കെ. പി. നൂറുദ്ദീൻ:

ശ്രീ സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിലബസ് പരിഷ്കരണം സംബന്ധിച്ച് കെ.എസ്.യു. ഉൾപ്പെടെ കേരളത്തിലെ വിദ്യാർത്ഥി സംഘടനകൾ, നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly